**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3356** **01-03-2023 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ മണിക്കിണർ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലം പഞ്ചായത്തിൽ 9.28 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ള മണിക്കിണർ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | എറണാകുളം ജില്ലയിലെ പല്ലാരിമംഗലം വില്ലേജിലുൾപ്പെട്ട 45 ആർസ് സ്ഥലം മണിക്കിണർ പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് RFCT LARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 24/06/2021 ലെ സ.ഉ(സാധാ) നമ്പർ 2217/2021/ റവ പ്രകാരം ഭരണാനുമതി നല്കിയിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠനം രണ്ട് മാസത്തിനകം പൂർത്തിയാക്കണമെന്ന വ്യവസ്ഥയിൽ ഭാരതമാതാ കോളേജ് ഓഫ് സോഷ്യൽ വർക്ക്, തൃക്കാക്കര യൂണിറ്റിനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. |
| (ബി) | സ്ഥലമേറ്റെടുപ്പ് നടപടികൾക്കായി റവന്യൂ വകുപ്പിൽ നിന്ന് ഉത്തരവ് ലഭിച്ചതിനെ തുടർന്ന് ജില്ലാ കളക്ടർക്ക് അർത്ഥനാ പത്രം സമർപ്പിക്കുകയും കാക്കനാട് എൻ.എച്ച്. നം : 1 സ്പെഷ്യൽ തഹസിൽദാർ ആവശ്യപ്പെട്ട തുക കൈമാറുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ 17,31,520/- രൂപ അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനിയർ, PWD (Bridges), എറണാകുളം ലഭ്യമാക്കിടിട്ടുണ്ട്. |
| (സി) | സ്ഥലമേറ്റെടുപ്പിന് റവന്യൂ വകുപ്പിൽ നിന്ന് അനുമതി ലഭിച്ച ശേഷം സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പദ്ധതിയുടെ ലാന്റ് അക്വിസിഷൻ ഓഫീസറായി കാക്കനാട് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) NHNo-1 നെ നിയമിച്ചിട്ടുള്ളതും ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി കണ്ടിൻജൻസി ചാർജ്ജിനത്തിൽ 17,31,520/- രൂപ അർത്ഥനാധികാരി ലഭ്യമാക്കിയിട്ടുള്ളതുമാണ്. സാമൂഹ്യ പ്രത്യാഘാത പഠനം 2 മാസത്തിനകം പൂർത്തിയാക്കണമെന്ന വ്യവസ്ഥയിൽ ഭാരതമാതാ കോളേജ് ഓഫ് സോഷ്യൽ വർക്ക്, തൃക്കാക്കര യൂണിറ്റിനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതും പഠനം ആരംഭിച്ചിട്ടുള്ളതുമാണ്.<br><br>സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ദ്ധ സമിതി രൂപീകരിച്ച് വിദഗ്ദ്ധ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സമുചിത |

| | | | |
|---|---|---|---|
| | | | സർക്കാർ തീരുമാനം കൈക്കൊണ്ട് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നടപടി ക്രമങ്ങൾ പാലിച്ച് നിശ്ചിത സമയ പരിധിക്കുള്ളിൽ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ് |
| (ഡി) | സ്ഥലമേറ്റെടുപ്പ് നടപടികൾ എന്നത്തേയ്ക്ക് പൂർത്തികരിക്കുവാൻ കഴിയുമെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ? | (ഡി) | പ്രസ്തുത പദ്ധതിയുടെ ലാന്റ് അക്വിസിഷൻ ഓഫീസറായി കാക്കനാട് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) NHNo-1 നെ നിയമിച്ചിട്ടുള്ളതും ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി കണ്ടിൻജൻസി ചാർജ്ജിനത്തിൽ 17,31,520/- രൂപ അർത്ഥനാധികാരി ലഭ്യമാക്കിയിട്ടുള്ളതുമാണ്. സാമൂഹ്യ പ്രത്യാഘാത പഠനം 2 മാസത്തിനകം പൂർത്തിയാക്കണമെന്ന വ്യവസ്ഥയിൽ ഭാരതമാതാ കോളേജ് ഓഫ് സോഷ്യൽ വർക്ക്, തൃക്കാക്കര യൂണിറ്റിനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതും പഠനം ആരംഭിച്ചിട്ടുള്ളതുമാണ്.<br><br>സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ദ്ധ സമിതി രൂപീകരിച്ച് വിദഗ്ദ്ധ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സമുചിത സർക്കാർ തീരുമാനം കൈക്കൊണ്ട് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നടപടി ക്രമങ്ങൾ പാലിച്ച് നിശ്ചിത സമയ പരിധിക്കുള്ളിൽ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ